©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി II

## (ഭൂനികുതിയും ദേവസ്വവും)

## 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]**

2023 സെപ്റ്റംബർ 11-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി II
## (ഭൂനികുതിയും ദേവസ്വവും)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച രണ്ടാമത്
റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

1146/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II

## (ഭൂനികുതിയും ദേവസ്വവും)

## (2021-2023)

**ഘടന**

ചെയർമാൻ:

ശ്രീ. കെ. രാജൻ

റവന്യൂവും-ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കെ. രാധാകൃഷ്ണൻ

പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമവും, ദേവസ്വവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. സനീഷ് കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2022-2023 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 4-7-2023, 2-8-2023 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു .

10-8-2023 -ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു .

തിരുവനന്തപുരം,
2023, സെപ്റ്റംബർ 11.

**കെ. രാജൻ**
*ചെയർമാൻ*
*സബ്ജക്ട് കമ്മിറ്റി II*

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2022-2023 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട് .

2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ഏപ്രിൽ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു .

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 4-7-2023, 2-8-2023 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു .

2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ അദ്ധ്യായം I ആയും മറുപടികൾ ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു .

## അദ്ധ്യായം I

2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

ശിപാർശ

2029-00-101-99—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

ബഡ്ജറ്റ് വിഹിതം : 4,83,10,47,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിടവാടക, കരം, നികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിലനിൽക്കുന്ന തുക മുഴുവൻ അടച്ചു തീർക്കുന്നതിനായി 2029-00-101-99.6 എന്ന ശീർഷകത്തിൽ 1 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2029-00-101-99-05.2

എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും വെള്ളക്കരം ഇനത്തിൽ 2029-00-101-99-05.1 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകങ്ങളിൽ 1.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം വില്ലേജ് ഓഫീസുകളുടെ കെട്ടിട വാടക, കരം, നികുതി എന്നിവ ഒടുക്കുന്നതിനായി 21-3-2023 തീയതിയിലെ സ.ഉ.(സാധാ) നം. 2178/2023/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 20,00,000 (ഇരുപത് ലക്ഷം രൂപാ മാത്രം) ധനപുനർവിനിയോഗം മുഖേന അനുവദിക്കുകയുണ്ടായി.

കൂടാതെ വില്ലേജ് ഓഫീസുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 27-10-2022 തീയതിയിലെ സ.ഉ.(സാധാ)നം. 7207/2022/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 60 ലക്ഷം രൂപയും 24-2-2023 തീയതിയിലെ സ.ഉ.(സാധാ)നം. 1358/2023/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 75,00,000 (എഴുപത്തിയഞ്ച് ലക്ഷം രൂപാ മാത്രം) അധികധനവിനിയോഗാനുമതിയായി 2029-00-101-99-05-02 NV ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി.

അതിനുപുറമെ വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി 21-3-2023- ലെ സ.ഉ.(സാധാ) നം. 2178/2023/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5,00,000 (അഞ്ച് ലക്ഷം രൂപാ മാത്രം) ധനപുനർവിനിയോഗം മുഖേന 2029-00-101-99-05-01 NV ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളതാണ്.

<u>ശിപാർശ</u>

2029-00-103-95—<u>ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും</u>

ബഡ്ജറ്റ് വിഹിതം : 5,16,00,000 രൂപ (പ്ലാൻ)

ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റെക്കോർഡ്സ് സർവീസ് ഡെലിവറി സിസ്റ്റം എന്ന പദ്ധതിയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 12 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ 2021-22 സാമ്പത്തിക വർഷം പദ്ധതി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ശീർഷകത്തിൽ അവശേഷിച്ച 8 കോടി രൂപ e-LAMS ലേക്ക് മാറ്റുന്നതിന് നടപടി

സ്വീകരിച്ചതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി e-LAMS ൽ വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

e-LAMS-ൽ തുക വകയിരുത്താൻ സർവ്വെ ഡയറക്ടർ പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും, ധനകാര്യ വകുപ്പ് ആയത് നിരസിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 7.49 കോടി രൂപ അനുവദിക്കാൻ സർവ്വേ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ചുവടെ പറയും പ്രകാരം സർവ്വേ ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു.

ഓരോ ബഡ്ജറ്റിലും പ്ലാൻ ഫണ്ടിൽ വകയിരുത്തുന്ന തുക അതാത് വർഷത്തേക്ക് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ളതാണ്. ഒരു വർഷം പ്ലാൻ ഫണ്ട് ഇനത്തിൽ തുക വകയിരുത്തിയ പ്രവർത്തികൾ നടത്തുന്നതിന് അടുത്ത വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിക്കുവാൻ കഴിയുകയില്ലെന്നും നടപ്പു സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകാൻ കഴിയില്ലായെന്നും പ്രസ്തുത പ്രവൃത്തികൾ പുതിയ പ്രോജക്ട് ആയി വരും വർഷങ്ങളിലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും COMMITTED EXPENDITURE ആയ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിനായി ഫൈനൽ ബില്ലുകൾ സഹിതം ശിപാർശ സമർപ്പിക്കുവാനും സർവ്വേ ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. ആയതു പ്രകാരം സർവ്വേ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും 23-10-2023 -ലെ സ.ഉ.(സാധാ)നം. 379/2023/റവ. ഉത്തരവ് പ്രകാരം ഭൂരേഖാ സംവിധാനങ്ങളുടെ സംയോജനം എന്ന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം വർക്ക് ഓർഡർ നൽകിയിരുന്നത് പ്രകാരം ജോലികൾ പൂർത്തീകരിച്ച ഇനത്തിൽ നൽകാനുള്ള തുക (Committed Expenditure) ആയ 8,28,374 രൂപ 2029-00-103-95-PLAN ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ

2053-00-094-37—സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (പ്ലാൻ)

വാതിൽപ്പടിസേവനം രണ്ടാംഘട്ടം, സാമൂഹികാധിഷ്ഠിതമായ ദുരന്തനിവാരണ പദ്ധതി എന്നിവ നടപ്പാക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയിനത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

മതിയായ ജീവനക്കാരുടെ അപര്യാപ്തത, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ മൂലം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ 2053-00-094-37 എന്ന ശീർഷകത്തിൽ വകയിരുത്തിയ 50 ലക്ഷം രൂപയിൽ 34.99 ലക്ഷം രൂപയേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. ആയതിനാൽ മേൽ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2053-00-094-37—സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം :40,89,000 രൂപ (നോൺ പ്ലാൻ)

സാമൂഹിക സന്നദ്ധസേനയുടെ പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും വോളണ്ടിയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നിയമിക്കുന്ന പ്രോജക്ട് ഓഫീസർ, കോ ഓർഡിനേറ്റർമാർ എന്നിവരുടെ ശമ്പളച്ചെലവുകൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നോൺ പ്ലാൻ ഇനത്തിൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

പ്രോജക്ട് ഓഫീസർ തസ്തികയിൽ നിയമനം നടക്കാതിരുന്നതിനാൽ ശമ്പള ചെലവുകൾക്കായി അധിക തുക ആവശ്യമില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക വകയിരുത്തുകയുണ്ടായില്ല. നോൺ പ്ലാൻ ഇനത്തിൽ "2053-00-094-37-NP.V" എന്ന ശീർഷകത്തിൽ വകയിരുത്തിയ 40.89 ലക്ഷം രൂപയിൽ നിന്നും റിലീസ് ചെയ്ത 31,46,000 രൂപയിൽ 28,61,076 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം – 1,50,00,000 രൂപ (നോൺ പ്ലാൻ)
(36) സഹായധനം-ശമ്പളേതരം– 40,14,000 രൂപ (നോൺ പ്ലാൻ)

ആകെ – 1,90,14,000 രൂപ (നോൺ പ്ലാൻ)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിനുള്ള ചെലവിനും ജീവനക്കാർക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനും ശമ്പളച്ചെലവിനും ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2250-00-102-98-31 എന്ന ശീർഷകത്തിൽ 1 കോടി രൂപയും 2250-00-102-98-36 എന്ന ശീർഷകത്തിൽ 1 കോടി രൂപയും ചേർത്ത് ആകെ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ശമ്പളയിനത്തിൽ 18 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരവക ഫണ്ടിലേക്കും ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

2003-ലെ സ.ഉ.(സാധാ) നം.378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നൽകി വരുന്ന 1 കോടി രൂപ 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13 )

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-98—<u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കൊച്ചി ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയ പദ്ധതികൾക്കും ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രത്തിന്റെ തനതു ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നത് പ്രായോഗികമല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ചോറ്റാനിക്കര ക്ഷേത്രത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2250-00-103-91—<u>മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ, എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ ക്ഷേമനിധി മാസവിഹിതം, ക്ഷേത്ര വിഹിതം, സ്ഥിരനിക്ഷേപത്തിൽ

നിന്നുള്ള പലിശ എന്നിവയിൽ നിന്നും ക്ഷേമനിധിക്ക് ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, 25,000 രൂപ വരെയുള്ള ചികിത്സാ ധനസഹായം, എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ എന്നീ ചെലവുകൾ നിർവ്വഹിച്ചു വരുന്നതെന്നും എന്നാൽ ക്ഷേമനിധിയുടെ തനതു വരുമാനം മേൽ പ്രസ്താവിച്ച ചെലവുകൾ എല്ലാം തന്നെ നിർവഹിക്കുന്നതിന് പര്യാപ്തമല്ലായെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-89—<u>വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 72,00,000 രൂപ (നോൺ പ്ലാൻ)

വഖഫ് ബോർഡിന്റെ ഭരണപരമായ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആയത് അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2250-00-103-87—<u>മലബാർ ദേവസ്വം ബോർഡ്</u>

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം-24,64,11,000 രൂപ (നോൺ പ്ലാൻ)

(36) സഹായധനം- ശമ്പളേതരം-11,38,30,000 രൂപ (നോൺ പ്ലാൻ)

ആകെ – 36,02,41,000 രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വംബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനും ശമ്പളപരിഷ്കരണ കുടിശ്ശികയ്ക്കും ബോർഡിന്റെ ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87-36 എന്ന ശീർഷകത്തിൽ 3 കോടി രൂപയും ഉൾപ്പെടെ ആകെ 33 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-86—<u>ഉത്തര മലബാറിലെ കാവുകളിലെ ആചാര്യ സ്ഥാനികർക്കും കോലധികാരികൾക്കുമുള്ള മാസ അലവൻസ്</u>

ബഡ്ജറ്റ് വിഹിതം : 1,25,00,000 രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക തികയാതെ വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തുവരുന്നതെന്നും പുതുതായി ഉൾപ്പെടുത്തിയ 420 ആചാര്യ സ്ഥാനികർക്കും 105 കോലധികാരികൾക്കും 1400 രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യേണ്ടതുണ്ടെന്നും കൂടാതെ മുൻ വർഷങ്ങളിലെ തുക കുടിശ്ശികയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

1,66,98,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്

<u>ശിപാർശ</u>

2250-00-103-85—<u>മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്</u>

ബഡ്ജറ്റ് വിഹിതം : (36) -സഹായധനം-ശമ്പളേതരം-5,50,000 രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല .

<u>ശിപാർശ</u>

2250-00-103-82—<u>വൈക്കം ക്ഷേത്ര കലാപീഠം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി വൈക്കം മഹാദേവക്ഷേത്രത്തോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാപീഠത്തിൽ പ്രതിവർഷം 100-ൽപരം വിദ്യാർത്ഥികളെ പഞ്ചവാദ്യം, നാദസ്വരം, ചെണ്ട, തകിൽ തുടങ്ങിയവ പ്രഗത്ഭരായ അദ്ധ്യാപകർ അഭ്യസിപ്പിച്ചുവരുന്നതായും കലാപീഠത്തിന്റെ കാലപ്പഴക്കമുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കും വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യത്തിനും പഠനോപകരണങ്ങൾക്കും പ്രധാനമായും ധനസഹായം ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ

ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 49.99 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20 )

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല .

ശിപാർശ

2250-00-103-80 —ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വത്തിന്റെ കീഴിലുള്ളതും സ്വകാര്യ ക്ഷേത്രങ്ങളുടെ കീഴിലുള്ളതുമായ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി 9.6785 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും അതിൽ 9 കോടിയോളം രൂപ ഇനിയും ലഭിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും കൂടൽമാണിക്യം ദേവസ്വം ബോർഡിൽ നിന്നും ഏകദേശം 11 കോടിയോളം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല .

ശിപാർശ

2215-02-105-95—ഗ്രാമീണ ശുചീകരണ സർവീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)

ബഡ്ജറ്റ് വിഹിതം : (36)-സഹായധനം-ശമ്പളേതരം-1,32,52,000 രൂപ (നോൺ പ്ലാൻ)

ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും 2022-23 വർഷത്തെ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ

പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.90205 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22 )

<u>സ്വീകരിച്ച നടപടി</u>

3,49,94,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

5475-00-800-77-01—<u>ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ/ പദ്ധതികൾ/ സ്മാർട്ട് റവന്യൂ ഓഫീസുകൾ</u>

ബഡ്ജറ്റ് വിഹിതം : 48,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാടകയ്ക്ക് വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനായി 15 കോടി രൂപയും റവന്യൂ ഭവന്റെ നിർമ്മാണത്തിനായി 5 കോടി രൂപയും കെട്ടിടനിർമ്മാണം, സ്മാർട്ട് വില്ലേജ് ഓഫീസ് എന്നിവയ്ക്കായി 15 കോടി രൂപയും കെട്ടിട പുനരുദ്ധാരണത്തിനായി 5 കോടി രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23 )

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനും റവന്യൂ ഭവൻ നിർമ്മാണം, സ്മാർട്ട് വില്ലേജാഫീസ്/കെട്ടിട പുനരുദ്ധാരണത്തിനുമായി 40 കോടി രൂപ 5475-00-800-77-01 PV ശീർഷകത്തിൽ വകയിരുത്തുന്നതിനായി അവസാനഘട്ട ഉപധനാഭ്യർത്ഥന വഴി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

5475-00-800-77-02—ഭൂനികുതിവകുപ്പിന്റെ കീഴിലുള്ള മൂലധന പ്രവൃത്തികൾ/പദ്ധതികൾ/ റവന്യൂ വകുപ്പിലെ കംപ്യൂട്ടർവൽക്കരണം - അടിസ്ഥാന സൗകര്യം ഒരുക്കൽ/പരിപാലനം/ നിലവാരമുയർത്തൽ

ബഡ്ജറ്റ് വിഹിതം : 23,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് പട്ടയങ്ങൾ മുഴുവനായി ഡിജിറ്റൈസ് ചെയ്യുന്നതിലേക്കായി താലൂക്ക് ഓഫീസുകൾക്കും വില്ലേജ് ഓഫീസുകൾക്കും കമ്പ്യൂട്ടർ, ലാപ് ടോപ്, പ്രിന്റർ , സ്കാനർ എന്നിവ ലഭ്യമാക്കുന്നതിനായി അധികം തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടിരൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

പട്ടയങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനും താലൂക്കിലും വില്ലേജ് ഓഫീസുകൾക്കും കമ്പ്യൂട്ടർ, ലാപ്ടോപ്, പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമാക്കുന്നതിനുമായി 4 കോടി രൂപ 5475-00-800-77-02 PV ശീർഷകത്തിൽ വകയിരുത്തുന്നതിനായി അവസാനഘട്ട ഉപധനാഭ്യർത്ഥന വഴി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

5475-00-800-77-03—ഭൂനികുതിവകുപ്പിന് കീഴിലുള്ള മൂലധന പ്രവൃത്തികൾ/പദ്ധതികൾ/സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുന്ന മോഡേൺ സർവ്വേ സ്കൂളിന്റെ നിർമ്മാണപ്രവൃത്തികളുടെ കുടിശ്ശിക തുക അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 13.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

മേൽ ശിപാർശ പ്രകാരം അഡീഷണൽ ആതറൈസേഷൻ മുഖേന തുക അനുവദിക്കാൻ സർവ്വെ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിൻ പ്രകാരം "2021-2022 സാമ്പത്തിക വർഷത്തിൽ സർവ്വെയും ഭൂരേഖയും വകുപ്പിലെ സർവ്വെ ട്രെയിനിംഗ് സ്കൂളുകളുടെ ആധുനികവത്കരണം എന്ന പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിരുന്നതും കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധിക്കാതെ വന്നതുമായ തുക, 5475-00-800-77-03-PV എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും, പ്രസ്തുത പദ്ധതിയ്ക്കായുള്ള ആകെ ചെലവ് 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിജപ്പെടുത്തണമെന്ന വ്യവസ്ഥയോടെ 17-8-2022-ലെ സ.ഉ.(സാധാ) നം. 3492/2022/റവ. പ്രകാരം പെർമിസ്സീവ് സാങ്ഷൻ (permissive sanction) നൽകുകയും ചെയ്തു.

ശിപാർശ

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗ്രൂപ്പ് വില്ലേജ് ഓഫീസ് സംവിധാനത്തിൽ പ്രവർത്തിക്കുന്നവ വിഭജിച്ച് പ്രത്യേക വില്ലേജ് ഓഫീസുകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് 626 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളതിൽ 260 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതും 365 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. വില്ലേജ് ഓഫീസ് ആധുനികവത്കരണത്തിന്റെ ഭാഗമായി 869 വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഗ്രൂപ്പ് വില്ലേജ് ഓഫീസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന വില്ലേജുകൾ വിഭജിച്ച് പ്രത്യേക വില്ലേജ് ഓഫീസുകളായി മാറ്റുന്നതിനുള്ള ശിപാർശ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

<u>ശിപാർശ</u>

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റുന്നതിനും വില്ലേജ്/താലൂക്ക് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ച് ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

4-6-2022-ലെ സ.ഉ (അച്ചടി) നം.62/2022/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

**അദ്ധ്യായം II**

2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക |
|---|---|
| റവന്യൂ | 3 മുതൽ 7 വരെ |
| പൊതുഭരണം | 10 |
| റവന്യൂ (ദേവസ്വം) | 11 |

തിരുവനന്തപുരം,
2023, ആഗസ്റ്റ് 10.

**കെ. രാജൻ**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*